**ശ്രദ്ധക്ഷണിക്കൽ**

(1) പക്ഷിപ്പനി പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കൽ

ശ്രീമതി സി. കെ. ആശ: സർ, വളരെ ഗൗരവതരവും അതിലേറെ ദയനീയവുമായ ഒരു വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന പക്ഷിപ്പനി നിരവധി താറാവ്, കോഴി, കാട, ഓമനപക്ഷികൾ തുടങ്ങിയവയെ വളർത്തുന്ന കർഷകരെ കണ്ണീരിലാഴ്ത്തുന്നതോടൊപ്പം സാമ്പത്തികമായ വളരെ വലിയ പ്രതിസന്ധിയും തൊഴിൽ നഷ്ടവുമുണ്ടാക്കിയിട്ടുണ്ട്. രോഗം വന്ന് ചത്തുപോകുന്ന പക്ഷികളോടൊപ്പം രോഗം പടർന്ന് പിടിക്കാതിരിക്കാൻ ദയാവധത്തിന് വിധിക്കപ്പെട്ട പക്ഷികളെ കഴുത്തുഞെരിച്ച് കൊന്ന് ആഴിയിലേയ്ക്കെറിയുന്ന കാഴ്ച അത്യന്തം ഹൃദയഭേദകമാണ്. ഈ പക്ഷിക്കുരുതിക്ക് അറുതി വരുത്തുന്നതിനും അർഹരായ കർഷകർക്ക് കൃത്യമായ നഷ്ടപരിഹാരം ലഭിക്കുന്നതിനും സർക്കാരിന്റെ അടിയന്തരമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. സംസ്ഥാനത്ത് 2014 മുതൽ

പക്ഷിപ്പനി റിപ്പോർട്ട് ചെയ്തുവരുന്നുണ്ടെങ്കിലും ഈ വർഷമാണ് ഇത്രയുമധികം രോഗവ്യാപനമുണ്ടായത്. മൂന്ന് ജില്ലകളിലായി 37 പ്രഭവകേന്ദ്രങ്ങളാണ് സംസ്ഥാനത്ത് ഇതുവരെ സ്ഥിതീകരിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ല പൂർണ്ണമായും കോട്ടയം ജില്ലയിൽ വൈക്കം, ചങ്ങനാശ്ശേരി, കോട്ടയം എന്നീ താലൂക്കുകളിലും പത്തനംതിട്ട ജില്ലയിലെ നാല് താലൂക്കുകളിലും രോഗം വ്യാപിക്കുകയുണ്ടായി. മൂന്ന് ജില്ലകളിലുമായി ആകെ 34851 പക്ഷികൾ രോഗം ബാധിച്ച് ചത്തു. അതോടൊപ്പം നാഷണൽ ആക്ഷൻ പ്ലാൻ അനുസരിച്ച് നിലവിൽ 170911 പക്ഷികളെ കൊന്ന് സംസ്കരിച്ചു. 39462 മുട്ടകളും 90.6 ടൺ തീറ്റയും ഇതിന്റെ ഭാഗമായി നശിപ്പിച്ചു. ഇത് എത്ര ഗൗരവമുള്ള വിഷയമാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്. മാത്രമല്ല, മുൻവർഷങ്ങളിൽ രോഗബാധ കൂടുതലും താറാവുകൾക്കായിരുന്നുവെങ്കിൽ ഇത്തവണ സ്ഥിതി മാറി മുട്ടക്കോഴി, ബ്രോയിലർ കോഴി, കാടക്കോഴി തുടങ്ങിയ വളർത്തുപക്ഷികളിലും കൂടാതെ കാക്ക, വെള്ളക്കൊക്ക്, പരുന്ത്, പെൺമയിൽ, പ്രാവ് എന്നിവയിലും രോഗം സ്ഥിതീകരിച്ചത് അന്തരീക്ഷത്തിൽ രോഗാണുവിന്റെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതാണ്. ഇത് രോഗവ്യാപനത്തിന്റെ തോത്

വർദ്ധിപ്പിച്ചിട്ടുണ്ടെന്നതാണ് വസ്തുത. ഇത്തവണ പതിവിന് വിപരീതമായി കർശനമായ ബയോസെക്യൂരിറ്റി ചട്ടങ്ങൾ പാലിക്കുന്ന സർക്കാർ താറാവ് വളർത്തൽ കേന്ദ്രമായ നിരണം ഡക്ക് ഫാമിലും മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിലും ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിലെ പേരന്റ് സ്റ്റോക്കിലും ഉൾപ്പെടെ രോഗം സ്ഥിതീകരിക്കപ്പെട്ടു. മൂന്ന് ഫാമുകളിലുമായി 959 പക്ഷികൾ ചത്തു. കൂടാതെ ഡക്ക് ഫാമിൽ 4207, റീജണൽ പൗൾട്രി ഫാമിൽ 9691, സെൻട്രൽ ഹാർച്ചറിയിൽ 10616 എന്നിങ്ങനെ ആകെ 24514 പക്ഷികളെ ഈ സ്ഥാപനങ്ങളിൽനിന്ന് മാത്രമായി കൊന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് വികസിപ്പിച്ച വളർത്ത് താറാവ് പോലെ അപൂർവ്വ ഇനവും നിരണം താറാവ് വളർത്തൽ കേന്ദ്രത്തിൽ പരിപാലിച്ചിരുന്നതുമായ സ്നോവൈറ്റ് താറാവുകൾ ഒറ്റയടിക്ക് സംസ്ഥാനത്ത് ഇല്ലാതാകുന്നതിനും കാരണമായെന്നത് അതീവ ഗൗരവമുള്ള വിഷയമാണ്. രോഗവാഹകരായുള്ള ദേശാടനപക്ഷികളിലെ H5N1 വൈറസുകളാണ് ഈ രോഗം പടർത്തുന്നത്. ദേശാടനപക്ഷികളുടെ വരവിനെ നമുക്ക് തടയാനാകില്ല. എന്നാൽ വർഷാവർഷമുണ്ടാകുന്ന ഈ കുട്ടക്കുരുതിക്കും ഭീകരാന്തരീക്ഷത്തിനും പുറമേ

മനുഷ്യരിലേയ്ക്ക് പകരുമോയെന്ന ആശങ്കകളുടെ നാളുകൾക്ക് ഒരു പരിഹാരം കാണേണ്ടേ? നമ്മുടെ മുമ്പിൽ ഇപ്രകാരം തരണം ചെയ്ത കോവിഡ് ഉൾപ്പെടെയുള്ള മനുഷ്യരിൽ പകരുന്ന വൈറസ് രോഗങ്ങളെ പ്രതിരോധിച്ച ഉദാഹരണങ്ങളുണ്ടല്ലോ? മനുഷ്യരിലേയ്ക്ക് രോഗം പടരാതിരിക്കാൻ നിർദ്ദാക്ഷിണ്യം പക്ഷികളെ കൊന്നൊടുക്കുകയെന്നത് എത്ര പ്രാകൃതമാണ്. സർക്കാർ മുൻകയ്യെടുത്ത് പക്ഷിപ്പനി നിയന്ത്രണ വിധേയമാക്കേണ്ടതിന്റെയും ഭാവിയിൽ പക്ഷിപ്പനി പടരാതിരിക്കുന്നതിനും ഒപ്പംതന്നെ നഷ്ടം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് അവരെ ജീവിതത്തിലേയ്ക്ക് കരം പിടിക്കുന്നതിനും ഒരിക്കൽക്കൂടി ഈ വിഷയത്തിൽ സഭയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് നിർത്തുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ആദരണീയ എം.എൽ.എ. ശ്രീമതി സി. കെ. ആശ വളരെ ഗൗരവതരമായ ഒരു വിഷയമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. സംസ്ഥാനത്ത് 2014 മുതൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. 2014-16, 2020-23 വർഷങ്ങളിൽ

ഒക്ടോബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിലാണ് രോഗബാധ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. രോഗവാഹകരായ ദേശാടന പക്ഷികളുടെ വരവിനേയും പോക്കിനേയും ആശ്രയിച്ചാണ് രോഗത്തിന്റേയും വരവ്. 2024 ഏപ്രിൽ 16-ന് ആലപ്പുഴ ജില്ലയിലെ എടത്വയിൽ ആദ്യമായി രോഗം റിപ്പോർട്ട് ചെയ്യുകയും പിന്നീട് കോട്ടയം, പത്തനംതിട്ട ജില്ലകളിലും രോഗബാധയുണ്ടായി. നിലവിൽ സംസ്ഥാനത്ത് ആലപ്പുഴ-29, കോട്ടയം-5, പത്തനംതിട്ട-3 എന്നിങ്ങനെ 37 പ്രഭവകേന്ദ്രങ്ങൾ (epicentre) സ്ഥിരീകരിച്ചിട്ടുണ്ട്. മൂന്ന് ജില്ലകളിലായി ആകെ 62334 പക്ഷികൾ രോഗം ബാധിച്ച് മരണപ്പെടുകയുണ്ടായി. എല്ലാവർഷവും സാധാരണയായി താറാവുകളിലാണ് കൂടുതലായി ഈ രോഗം റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ ഇത്തവണ ആദ്യം താറാവുകൾക്ക് രോഗം ബാധിക്കുകയും തുടർന്ന് ബ്രോയിലർ കോഴികളിലേയ്ക്ക് വ്യാപിക്കുകയുമാണുണ്ടായത്. താറാവ്, ബ്രോയിലർ കോഴി, കാടക്കോഴി എന്നിവയെക്കൂടാതെ പറവകളിലും രോഗം റിപ്പോർട്ട് ചെയ്യുകയുണ്ടായി. സർക്കാർ ഉടമസ്ഥതയിലുള്ള താറാവ് വളർത്തൽ കേന്ദ്രമായ നിരണം ഡക്ക് ഫാമിലും മണർകാട് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിലും ചെങ്ങന്നൂർ

സെൻട്രൽ ഹാച്ചറിയിലെ പാരന്റ് സ്റ്റോക്കിലും പക്ഷികൾക്ക് രോഗബാധയുണ്ടായി. മൂന്ന് ഫാമുകളിലുമായി 1555 പക്ഷികളുടെ മരണവും റിപ്പോർട്ട് ചെയ്യപ്പെട്ടു. തുടർന്ന് ഇവിടെയുള്ള പാരന്റ് സ്റ്റോക്കിനെ ദയാവധം ചെയ്ത് സംസ്കരിക്കുകയും ചെയ്തു. മുൻ വർഷങ്ങളിൽനിന്ന് വ്യത്യസ്തമായി H5N1 വൈറസിന്റെ വകഭേദമാണ് ഇത്തവണ രോഗബാധയ്ക്ക് കാരണമെന്ന് ലബോറട്ടറി റിസൾട്ടുകൾ വ്യക്തമാക്കുന്നുണ്ട്. പക്ഷിപ്പനി ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ട ഏപ്രിൽ മാസത്തിൽത്തന്നെ മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാ ഓഫീസർമാരുടെ യോഗം ചേരുകയും ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ/പ്രതിരോധ മാർഗ്ഗങ്ങൾ കർശനമായി അവലംബിക്കാൻ തീരുമാനിക്കുകയും ചെയ്തു. രോഗവ്യാപനം നിയന്ത്രിക്കുന്നതിനുവേണ്ടി വിദഗ്ധരേയും ഉന്നത ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയുമുണ്ടായി. മേയ് മാസത്തിൽ സർക്കാർ ഫാമുകളിൽ രോഗബാധയുണ്ടായ സാഹചര്യത്തിൽ ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്, ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറി പ്രതിനിധികൾ, ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ, വെറ്ററിനറി

സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ എന്നിവർ അടങ്ങുന്ന വിദഗ്ധ സംഘവുമായി മൃഗസംരക്ഷണ വകുപ്പുമന്ത്രി അടിയന്തര ചർച്ചകൾ നടത്തുകയും യുദ്ധകാലാടിസ്ഥാനത്തിൽ ശാസ്ത്രീയ കർമ്മ പദ്ധതിക്ക് രൂപം നൽകുകയും ചെയ്തു. കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ളതും അന്താരാഷ്ട്ര അംഗീകാരമുള്ളതുമായ പ്രമുഖ ഏജൻസികൾ രോഗബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും രോഗ നിയന്ത്രണ നടപടികൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. രോഗ നിയന്ത്രണത്തിന്റെ ഭാഗമായി വ്യാവസായികാടിസ്ഥാനത്തിൽ ഈ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ പോൾട്രി ഫാമുകളും അടച്ചുപൂട്ടുന്നതിനും ഇവിടെ ഒരു വർഷത്തേയ്ക്ക് സർവയലൻസ് മേഖലയായി കണക്കാക്കുന്നതിനും ദയാവധം ചെയ്യപ്പെട്ട പക്ഷികളുടെ ഉടമസ്ഥർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം അനുവദിക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. സർവയലൻസ് സോണുകളുടെ അകത്തേയ്ക്കോ പുറത്തേയ്ക്കോ പക്ഷികളെ കൊണ്ടുപോകുന്നതും കൊണ്ടുവരുന്നതും പൂർണ്ണമായും ഇപ്പോൾ നിരോധിച്ചിരിക്കുകയാണ്. നിയോഗിച്ച ഉന്നതതല

ശാസ്ത്ര കമ്മിറ്റി, പക്ഷിപ്പനി നിയന്ത്രണത്തിനും ഭാവി കർമ്മ പദ്ധതികൾക്കുമായുള്ള വിശദമായ റിപ്പോർട്ട് ജൂലൈ 6-ന് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പക്ഷിപ്പനി തടയുന്നതിനുവേണ്ടിയുള്ള ഹ്രസ്വകാല-മധ്യകാല-ദീർഘകാല പ്രവർത്തനങ്ങൾ ഈ റിപ്പോർട്ടിൽ വിഭാവനം ചെയ്തിട്ടുണ്ട്. നാഷണൽ ആക്ഷൻ പ്ലാൻ അനുസരിച്ച് നിലവിൽ 187880 പക്ഷികളെ cull ചെയ്ത് സംസ്കരിക്കുകയും 41142 മുട്ടകളും 97.1 ടൺ തീറ്റയും നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 29-06-2024-ന് ഹാച്ചറി ഉടമകളുടെ ഓൺലൈൻ യോഗം വകുപ്പ് ഡയറക്ടർ വിളിച്ചുചേർക്കുകയും നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തുകയും ആവശ്യമായ നിയന്ത്രണ നടപടികൾ നിർദേശിക്കുകയും ചെയ്തു. സർക്കാർ നിയന്ത്രണങ്ങളോടും രോഗപ്രതിരോധ പ്രവർത്തനങ്ങളോടും പൂർണ്ണമായും സഹകരിക്കുമെന്ന് ഇന്റഗ്രേറ്റർമാർ യോഗത്തിൽ ഉറപ്പ് നൽകിയിട്ടുണ്ട്. കർശന നിയന്ത്രണ നടപടികൾ സ്വീകരിക്കേണ്ട ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ എം.എൽ.എ.മാരുടെ യോഗം മന്ത്രി നേരിട്ട് വിളിച്ചുചേർക്കുന്നതായിരിക്കും. ഇന്ത്യയിൽ പക്ഷിപ്പനി രോഗം നിർണ്ണയിക്കുന്നതിന് നിലവിൽ ഭോപ്പാലിലെ ഹൈ സെക്യൂരിറ്റി

ലബോറട്ടറിയിൽ മാത്രമാണ് സൗകര്യമുള്ളത്. രോഗനിർണ്ണയം കൂടുതൽ കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പാലോട് എസ്.ഐ.എ.ഡി., തിരുവല്ല എ.ഡി.ഡി.എൽ. ലാബുകളെ ബി.എസ്.എൽ.-3 നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിൽ എത്രയും വേഗം അനുകൂല തീരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങനെയായാൽ രോഗനിർണ്ണയ നടപടികൾ ത്വരിതഗതിയിലാക്കാൻ കഴിയും. പക്ഷിപ്പനി നിയന്ത്രണ വിധേയമാക്കി പൊതുജനങ്ങളിലും കർഷകരിലുമുള്ള ആശങ്കകൾ അകറ്റാനും ഈ മേഖലയെ പൂർണ്ണമായും പൂർവ്വസ്ഥിതിയിലേയ്ക്ക് കൊണ്ടുവരാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇക്കാര്യത്തിൽ സർക്കാരിലേയ്ക്ക് ലഭ്യമായിരിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ സ്വീരിക്കുന്നതും രോഗം വർഷാവർഷം ആവർത്തിക്കുന്നത് തടയാനുള്ള നടപടികൾ കൈക്കൊള്ളുന്നതുമാണ്. കേന്ദ്രസർക്കാരിന്റെ വിഹിതം ലഭിക്കുന്നതിന് മുമ്പുതന്നെ സംസ്ഥാന സർക്കാരിന്റെ കോർപ്പസ് ഫണ്ടിൽ നിന്ന് നഷ്ടപരിഹാരം വിതരണം ചെയ്യുന്ന രീതിയാണ് നിലവിൽ നമ്മുടെ

സംസ്ഥാനത്തുള്ളത്. അത് തുടരുക തന്നെ ചെയ്യും. കേന്ദ്രസർക്കാരിൽ നിന്ന് തുക കിട്ടുന്ന മുറയ്ക്ക് കോർപ്പസ് ഫണ്ടിലേയ്ക്ക് തിരികെ നൽകുക എന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. 2024 ഫെബ്രുവരി വരെയുള്ള കുടിശ്ശിക കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ നഷ്ടമുണ്ടായിരിക്കുന്ന കർഷകർക്ക് വേഗത്തിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യയായ വൈക്കം അംഗം സംസാരിച്ചപ്പോൾ, മനുഷ്യരിലേയ്ക്കുള്ള രോഗവ്യാപനം സംബന്ധിച്ചുള്ള ആശങ്ക പങ്കുവച്ചിരുന്നു. മനുഷ്യരുടെ ആരോഗ്യത്തിന് സ്വതന്ത്രമായൊരു നിലനിൽപ്പില്ലെന്നതും പ്രകൃതിയുടേയും ജീവജാലങ്ങളുടേയും ആരോഗ്യവും രോഗാവസ്ഥയുമായി ബന്ധപ്പെട്ടതാണെന്നുമുള്ള തിരിച്ചറിവിൽ, 'ഏകാരോഗ്യം' (one health) എന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുള്ളത്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ഗൈഡ്ലൈൻ ഇഷ്യൂ ചെയ്തിട്ടുണ്ട്.

ഇൻഫെക്ടഡായ പക്ഷികളെ കൈകാര്യം ചെയ്യുന്ന കർഷകർ അനുവർത്തിക്കേണ്ട പ്രോട്ടോക്കോൾ സംബന്ധിച്ച് കൃത്യമായ ഗൈഡ്‌ലൈനുകളുണ്ട്. ആഗോളതലത്തിൽ പക്ഷിപ്പനി മനുഷ്യരിലേയ്ക്ക് വ്യാപിക്കുന്നതിന്റെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. വെസ്റ്റ് ബംഗാളിൽ ഒരു കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരുപക്ഷെ അടുത്തൊരു പാൻഡെമിക് സിറ്റുവേഷൻ ഇതുകാരണമാകാമെന്നാണ് ആരോഗ്യ വിദഗ്ധർ പറയുന്നത്. മയിലിലും കാക്കയിലും പക്ഷിപ്പനിക്കുകാരണമായ രോഗാണു കണ്ടെത്തിയെന്നത് പ്രത്യേകം ശ്രദ്ധിക്കണം. ചത്ത പക്ഷികളെ കൈകൊണ്ട് എടുക്കരുതെന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ മൃഗസംരക്ഷണ വകുപ്പും ആരോഗ്യവകുപ്പും യോജിച്ച് പ്രവർത്തനങ്ങൾ നടത്തും.

<u>ശ്രീമതി സി. കെ. ആശ</u>: സർ, പക്ഷിപ്പനിയുടെ ഭാഗമായിട്ടുള്ള നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും ബന്ധപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന്

വിശദമാക്കാമോ; നിലവിൽ കൊടുത്തുകൊണ്ടിരിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കഴിഞ്ഞ ദിവസം ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സഭയിൽ സൂചിപ്പിച്ചിരുന്നു. നഷ്ടപരിഹാരത്തിന്റെ തോതിനെക്കുറിച്ചും വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്രവും സംസ്ഥാനവും 50:50 എന്ന രീതിയിൽ നഷ്ടപരിഹാരം നൽകണമെന്നാണ് നിർദ്ദേശിക്കുന്നത്. അക്കാര്യങ്ങൾ വീണ്ടും ആവർത്തിക്കുന്നില്ല. ഒരു കോഴിക്കുഞ്ഞിന് ഇരുപത് രൂപ എന്ന കണക്കിലാണ് നിർദ്ദേശിക്കുന്നത്. 100 രൂപയാണ് ഇപ്പോൾ നൽകിവരുന്നത്. തൊണ്ണൂറ് രൂപ സംസ്ഥാനസർക്കാരും പത്തുരൂപ കേന്ദ്രസർക്കാർ സഹായവുമാണ്. കേന്ദ്രവിഹിതം ലഭിക്കുന്നതിന് മുമ്പ് കോർപ്പസ് ഫണ്ടിൽ നിന്ന് തുക നൽകുന്ന രീതിയാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് വളരെ വേഗത്തിൽത്തന്നെ തുക നൽകുന്നതായിരിക്കും. നേരത്തെ റിപ്പോർട്ടിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ വളരെ വേഗവും ചെറിയ സമയത്തിനുള്ളിലും നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. വാക്സിനേഷന്റെ കാര്യവും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബന്ധപ്പെട്ടവരുമായി ആലോചന നടത്തി കർഷകരെ സഹായിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കും. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ, ഇത് മനുഷ്യരിലേയ്ക്ക് പടരാതിരിക്കാൻ വേണ്ടിയാണ് culling നടത്തുന്നത്. World Health Organisation, World Organisation for Animal Health തുടങ്ങിയ സംഘടനകൾ ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങൾക്കനുസരിച്ച് കാര്യങ്ങൾ നടപ്പാക്കുന്നതായിരിക്കും. പ്രശ്നബാധിതമായ പ്രദേശങ്ങളിലെ എം.എൽ.എ.മാരുമായി ബഹുമാനപ്പെട്ട മൃഗസംരക്ഷണ വകുപ്പുമന്ത്രി അടിയന്തര യോഗം ചേർന്ന് നിർദേശങ്ങൾക്കനുസരിച്ചുള്ള നടപടികളിലേയ്ക്ക് നീങ്ങുന്നതായിരിക്കും.

(2) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ നേരിടുന്ന പ്രതിസന്ധി

ശ്രീ. റോജി എം. ജോൺ: സർ, വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ, സമൂഹത്തിലെ താഴേത്തട്ടിലുള്ള തൊഴിലാളികളായ ഈറ്റവെട്ട്-പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ ഉന്നമനവും പുരോഗതിയും

ലക്ഷ്യമിട്ട് സംസ്ഥാന സർക്കാരിന്റെ അധീനതയിൽ ആരംഭിച്ച ഒരു സ്ഥാപനമാണ്. പക്ഷെ ഇന്ന് അതീവ ഗുരുതരമായ പ്രതിസന്ധിയിലൂടെയാണ് ഈ സ്ഥാപനം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. 30-01-2024-ലെ കണക്കനുസരിച്ച് ഏകദേശം 120 കോടിയോളം രൂപ സഞ്ചിത നഷ്ടത്തിലാണ് ഇന്ന് ഈ സ്ഥാപനം പ്രവർത്തിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ നിയമസഭയിൽ എനിക്ക് മറുപടി നൽകിയതാണ്. നാലായിരത്തിലധികം കുടുംബങ്ങൾ ആശ്രയിക്കുന്ന ഒരു സ്ഥാപനമാണിത്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യങ്ങൾ സംബന്ധിച്ച് വ്യക്തമായി അറിയാവുന്നതാണ്. അങ്കമാലി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ടി സ്ഥാപനത്തെ ആശ്രയിച്ചാണ് അവിടെയുള്ള നിരവധി കുടുംബങ്ങൾ കഴിഞ്ഞുപോകുന്നത്. അതുപോലെ പെരുമ്പാവൂർ, ആലുവ നിയോജകമണ്ഡലങ്ങളിലെ നിരവധി പാവപ്പെട്ട സാധാരണക്കാരും മറ്റ് യാതൊരു മാർഗ്ഗവുമില്ലാത്തവരും ആശ്രയിക്കുന്ന ഒരു സ്ഥാപനമാണിതെന്നും ബഹുമാനപ്പെട്ട മന്ത്രിക്ക് നന്നായി അറിയാം. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് ഈറ്റവെട്ട്. പ്രധാനമായും ആദിവാസി മേഖലയിലുള്ള ഏറ്റവും നിർദ്ധനരായ ആളുകളാണ് ഈറ്റവെട്ട് മേഖലയിൽ പ്രവർത്തിക്കുന്നത്.

എന്നാൽ നിലവിൽ നമുക്ക് ഈറ്റ ലഭിക്കുന്ന സാഹചര്യമില്ല. വെട്ടുന്ന ഈറ്റ കൃത്യമായി പനമ്പ് നെയ്ത്ത് തൊഴിലാളികളിലേയ്ക്ക് എത്തുന്നില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ബാംബൂ കോർപ്പറേഷൻതന്നെ മറ്റുപല സ്ഥലങ്ങളിലേയ്ക്കും ഈറ്റ മറിച്ചുകൊടുക്കുന്നു എന്ന വാർത്തകളും പുറത്ത് വന്നുകൊണ്ടിരിക്കുന്നു. നമുക്ക് കൃത്യമായി ഈറ്റ ലഭിക്കുന്നില്ല, അവർക്ക് കൂലി കൊടുക്കുന്നുമില്ല. മാത്രമല്ല, നെയ്ത്ത് തൊഴിലാളികൾക്കും കൂലിയും കുടിശ്ശികയും കൊടുക്കാൻ കഴിയുന്നില്ല, നെയ്ത്ത് തൊഴിലാളികൾ നെയ്യുന്ന പനമ്പ് കൃത്യമായി ഏറ്റെടുത്ത് മറ്റുവസ്തുക്കളുടെ ഉൽപ്പാദനത്തിലേയ്ക്ക് കടക്കാൻ കഴിയുന്നില്ല. ബാംബൂ ബോർഡ് ഫാക്ടറിയിലെ ജീവനക്കാർക്ക് കഴിഞ്ഞ പതിമൂന്ന് മാസമായി ശമ്പളം കൊടുക്കാതെ അതീവ ഗുരുതരമായ അവസ്ഥയിലാണ്. ഫാക്ടറിയിലെ ജീവനക്കാർക്ക് വെറുതേ വന്ന് ഒപ്പിട്ട് തിരിച്ച് പോകേണ്ട അവസ്ഥയാണ്. അവർക്കവിടെ ഒരു ജോലിയും ചെയ്യാൻ സാധിക്കുന്നില്ല. കെട്ടിടം പോലും അപകടാവസ്ഥയിലാണെന്ന റിപ്പോർട്ടുകൾ പുറത്ത് വന്നുകൊണ്ടിരിക്കുന്നു. ഇത്തരത്തിൽ അതീവ ഗുരുതരമായി ബാംബൂ കോർപ്പറേഷൻ മുന്നോട്ടുപോകുകയാണ്. അവസാനമായി ഡി.എ. കുടിശ്ശിക നൽകിയത് 2019-

ലാണ്. അതിനുശേഷം ഡി.എ. കുടിശ്ശിക ഏകദേശം നാലരക്കോടിയോളം രൂപ കൊടുക്കാനുണ്ടെന്ന റിപ്പോർട്ടുകളാണ് വരുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പ്രധാനമായും പനമ്പ് നെയ്ത്ത്, ഈറ്റ വെട്ട് എന്നീ മേഖലയിൽ പ്രവർത്തിക്കുന്ന നിർദ്ധനരായ സ്ത്രീ തൊഴിലാളികൾക്കാണ് ഡി.എ. കുടിശ്ശിക ലഭിക്കാനുള്ളത്. അവർക്ക് നിത്യേന 149 രൂപയാണ് ഡി.എ.യായി നൽകുന്നത്. 149 രൂപ ഡി.എ. ആയി അല്ലെങ്കിൽ ഒരു ദിവസത്തെ വേതനത്തോടൊപ്പം വാങ്ങേണ്ടിവരുന്ന തൊഴിലാളികളുടെ അവസ്ഥ, അവരുടെ ജീവിത സാഹചര്യം എത്ര ദയനീയമായിരിക്കുമെന്ന് നമുക്ക് ഊഹിക്കാൻ സാധിക്കുമല്ലോ. ആ ഇനത്തിലാണ് ഏതാണ്ട് നാലരക്കോടിയോളം രൂപ ഇപ്പോൾ പെന്റിംഗായി കിടക്കുന്നത്. കഴിഞ്ഞ ദിവസം 60 ലക്ഷം രൂപ സർക്കാർ കൊടുക്കാൻ തീരുമാനിച്ചുയെന്ന വാർത്ത കാണാനിടയായി. നാലരക്കോടി രൂപ കൊടുക്കാനുള്ളവർക്ക് 60 ലക്ഷം രൂപ കൊടുത്തതുകൊണ്ട് എന്താകാനാണ്? അതുമാത്രമല്ല ബാംബൂ കോർപ്പറേഷന് തുക നേരിട്ട് നൽകാൻകൂടി സർക്കാർ തയ്യാറാകുന്നില്ലയെന്നാണ് മനസ്സിലാകുന്നത്. ജില്ലാ വ്യവസായകേന്ദ്രം വഴി കൊടുക്കുമെന്ന വാർത്തയാണ്

പുറത്തുവരുന്നത്. പതിനേഴരക്കോടിയോളം രൂപ മറ്റ് കുടിശ്ശികകളായി കിടക്കുന്നുമുണ്ട്. ശമ്പളം, ഗ്രാറ്റുവിറ്റി, ഇ.പി.എഫ്., ഇ.എസ്.ഐ. എന്നിവ കുടിശ്ശികയാണ്. പി.എഫ്. ഇനത്തിൽ ജീവനക്കാരിൽനിന്നും തൊഴിലാളികളിൽനിന്നും കോർപ്പറേഷൻ ഈടാക്കിയ തുകപോലും പി.എഫ്.-ലേയ്ക്ക് ഇതുവരെ അടച്ചിട്ടില്ല. ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് ഈടാക്കിയ തുകപോലും അടയ്ക്കാൻ സാധിച്ചിട്ടില്ല. പതിനേഴരക്കോടിയോളം രൂപ വിവിധ ഇനത്തിൽ കുടിശ്ശികയായി കിടക്കുന്നു. ഇതുകൂടാതെ കോർപ്പറേഷന്റെ മാത്രമായ നഷ്ടം വേറെയാണ്. ഇതൊരു പൊതുമേഖലാ സ്ഥാപനമാണ്; പരമ്പരാഗത വ്യവസായമാണ്. ഈ പരമ്പരാഗത വ്യവസായം അതിന്റെ ലാഭത്തിൽനിന്നും നല്ല രീതിയിൽ മുന്നോട്ടുപോകുമെന്ന് ഇന്നത്തെ സാഹചര്യത്തിൽ നമുക്ക് ഊഹിക്കാൻ സാധിക്കില്ല. അങ്ങനെ വരട്ടെയെന്നാണ് നമ്മുടെയെല്ലാം ആഗ്രഹം, പക്ഷേ ഇന്നത്തെ സാഹചര്യത്തിൽ അത് സാധ്യമല്ലയെന്നുള്ളതാണ് വസ്തുത. ഈ സ്ഥാപനം എല്ലാക്കാലത്തും നിലനിന്നിട്ടുള്ളത് സർക്കാരിന്റെ പ്രത്യേകമായ സാമ്പത്തിക സഹായത്താൽ മാത്രമാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ഈ സ്ഥാപനത്തിന് മുന്നോട്ടുപോകാനുള്ള സാമ്പത്തിക

സ്ഥിതിയല്ല ഉള്ളത്. അപ്പോൾ ടി വിഷയത്തിൽ സർക്കാർ പ്രത്യേകമായി ഇടപെട്ട് ഒരു പാക്കേജ് തന്നെ ലഭ്യമാക്കി ബാംബൂ കോർപ്പറേഷനെന്ന സ്ഥാപനത്തിനെ സ്വാഭാവിക മരണത്തിലേയ്ക്ക് വിട്ടുകൊടുക്കാതെ നിലനിർത്തി മുന്നോട്ടുപോകുന്നതിലേയ്ക്കായുള്ള ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം വളരെ ഗൗരവകരമായ പ്രശ്നമാണ് ഉന്നയിച്ചത്. ആ മേഖലയിൽ മാത്രമല്ല മറ്റു പല ജില്ലകളിലെയും ഈറ്റ വെട്ടുന്ന, പനമ്പ് നെയ്യുന്ന തൊഴിലാളികളെക്കൂടി ബാധിക്കുന്ന പ്രശ്നമാണ്. യഥാർത്ഥത്തിൽ പരമ്പരാഗതമേഖല പൊതുവായ പ്രതിസന്ധി നേരിടുന്നുണ്ട്. കോവിഡ് കാലം ആ പ്രതിസന്ധി കുറേക്കൂടി രൂക്ഷമാക്കിയിട്ടുണ്ട്. ഈറ്റ വെട്ടിയെടുത്ത് തൊഴിലാളികൾക്ക് കൊടുക്കുകയും അത് പനമ്പ് നെയ്ത് തിരിച്ച് ഫാക്ടറിയിലേയ്ക്ക് വാങ്ങുകയും ആ പനമ്പ് ഉപയോഗിച്ചുകൊണ്ട് പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ചെയ്യുകയെന്നതാണ് ഫാക്ടറികൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു ബണ്ടിൽ ഈറ്റ കാട്ടിൽനിന്നും വെട്ടിയെടുത്ത് തൊഴിലാളിക്ക് നൽകുമ്പോൾ 270 രൂപയാണ് ചെലവ് വരുന്നത്. എന്നാൽ

അത് നെയ്യുന്ന തൊഴിലാളിക്ക് നൽകുന്നത് 54 രൂപയാണ്. അങ്ങനെ വരുമ്പോൾ ഓരോ ബണ്ടിലിലും 216 രൂപ വച്ച് ബാംബൂ കോർപ്പറേഷന് നഷ്ടം സഹിക്കേണ്ടിവരുന്നു. ഗവൺമെന്റ് നൽകുന്ന സപ്പോർട്ട് കൊണ്ടുമാത്രമാണ് കോർപ്പറേഷൻ ഇതുവരെ മുന്നോട്ടുപൊയ്ക്കൊണ്ടിരുന്നത്. എന്നാൽ കഴിഞ്ഞ കാലത്ത് ജി.എസ്.ടി. പിരിച്ചത് അടയ്ക്കുന്ന സ്ഥിതിയുണ്ടായില്ല. അതിന്റെ ഭാഗമായി ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെടുകയും ജി.എസ്.ടി. രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുകയും ചെയ്തു. ഗവൺമെന്റ് പ്രത്യേക താൽപ്പര്യമെടുത്താണ് ബ്രിഡ്ജ് ലോൺ നൽകി കുടിശ്ശികയായ ജി.എസ്.ടി. അടച്ച് രജിസ്ട്രേഷൻ പുന:സ്ഥാപിച്ചത്. രജിസ്ട്രേഷൻ ഇല്ലാത്തതുകാരണം അവിടെയുള്ള ഉൽപ്പന്നംപോലും വിൽക്കാൻ പറ്റാത്ത സാഹചര്യമായിരുന്നു. അതുകാരണം ഡീലർഷിപ്പിലുള്ളവർക്ക് വിൽക്കാനോ ബിൽ നൽകാനോ കഴിയാതെ ഈ പ്രതിസന്ധി കുറച്ചുകാലം നീണ്ടുനിന്നു. ഗവൺമെന്റിന്റെ പ്രത്യേക സഹായം കൊണ്ടുമാത്രമാണ് ഈ പ്രശ്നം പരിഹരിക്കാൻ സാധിച്ചത്. ഇപ്പോൾ ബാംബൂ ബോർഡ് ഫാക്ടറിയിൽ ബാംബൂ പ്ലൈ മാത്രമാണ് ഉൽപ്പാദിപ്പിക്കുന്നത്. അടുത്ത കാലത്ത് പെരുമ്പാവൂരിൽനിന്നും ഗുണമേന്മയും വിലകുറഞ്ഞതുമായ

പ്ലൈബോർഡുകൾ വിപണിയിൽ വരുന്നുണ്ട്. അങ്ങനെ വരുമ്പോൾ മാർക്കറ്റിൽ ബാംബൂവിന് നല്ല വിലയുണ്ടെങ്കിലും കമ്പോളത്തിൽ പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യം വരുന്നുണ്ട്. മാത്രമല്ല, പനമ്പിന് ലഭ്യതക്കുറവ് നേരിടുന്നുണ്ട്. ഈറ്റ ലഭിക്കുന്നതിൽ ചില പ്രശ്നങ്ങളുണ്ടെങ്കിലും വനംവകുപ്പുമായി ചേർന്ന് അത്തരം കാര്യങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. മുളപൊട്ടിവരുന്ന ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മുള വെട്ടാൻ അനുവദിക്കാറില്ല. മന്ത്രിതലയോഗം ചേർന്ന് അതിനും പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ അവിടെ പുതിയ മാറ്റങ്ങൾ വരുത്താൻ ശ്രമിക്കുന്നുണ്ട്. കാഡ്കോ കൺസ്ട്രക്ഷനെ രജിസ്റ്റേർഡ് ഏജൻസിയാക്കി മാറ്റണമെന്നുള്ള ചർച്ച ഹൗസിംഗ് ബോർഡുമായി നടത്തിയിട്ടുണ്ട്. ബാംബൂ വീടുകൾ പല ടൂറിസ്റ്റ് മേഖലകളിലും വ്യാപിച്ചുവരുന്നുണ്ട്. ആ സാധ്യതയും സർക്കാർ പരിശോധിക്കുന്നുണ്ട്. അദ്ദേഹം ഡി.എ. പ്രശ്നം സംബന്ധിച്ച് പറഞ്ഞു. ബാംബൂ കോർപ്പറേഷനെ സർക്കാർ ഒഴിവാക്കിയതല്ല. ബാംബൂ കോർപ്പറേഷന്റെ അലോക്കേഷനിൽ നിന്നാണ് ഡി.എ. കൂടി കൊടുക്കേണ്ടിവരുന്നത്. കോർപ്പറേഷന് വിലയിലെ വ്യത്യാസം കൈകാര്യം ചെയ്യേണ്ടതായും ഡി.എ.

കൊടുക്കേണ്ടതായും വരുന്നു. അതുകൊണ്ടാണ് ഈറ്റ വെട്ടുന്നവർക്കും പനമ്പ് നെയ്യുന്നവർക്കുമുള്ള കൺസ്യൂമർ പ്രൈസ് ഇൻഡെക്സ് പ്രകാരമുള്ള ഡി.എ. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകാൻ തീരുമാനിച്ചത്. അപ്പോൾ ബാംബൂ കോർപ്പറേഷന്റെ അലോക്കേഷനിൽ നിന്ന് എടുക്കേണ്ടിവരില്ല. അധികമായിട്ടുള്ളത് ജില്ലാ വ്യവസായ കേന്ദ്രംവഴി തൊഴിലാളികൾക്ക് നൽകുന്ന സ്ഥിതിയാണ്. അതിനാണ് അറുപത് ലക്ഷം രൂപ നൽകുന്നത്. നേരത്തെയുള്ള കുടിശ്ശികയല്ല. അങ്ങേയ്ക്കും അതറിയാം, നേരത്തെ ആലുവ എം.എൽ.എ.-യോടും സൂചിപ്പിച്ചിട്ടുള്ളതാണ്. അവിടുത്തെ തൊഴിലാളി യൂണിയനുകളുടെകൂടി ആവശ്യമാണത്. അവിടത്തെ ശമ്പള പ്രതിസന്ധിയെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ശരിയാണ്. സാധാരണരീതിയിൽ ചെയ്യുന്നതല്ലെങ്കിൽപ്പോലും കോർപ്പറേഷന്റെ സ്ഥിതി പരിഗണിച്ച് കെ.എം.എം.എൽ.-ൽനിന്നും ഒരു കോടി രൂപ കടമെടുത്ത് അവർക്ക് നൽകി. കൊടുക്കുന്ന നൽകുന്ന പണം എങ്ങനെ വിനിയോഗിക്കണമെന്നത് സംബന്ധിച്ച് ഐ.എൻ.ടി.യു.സി.-യുൾപ്പെടെയുള്ള എല്ലാ ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്തിട്ടുണ്ട്. അവിടെ ഭാവിയിൽ എന്തെല്ലാം

കാര്യങ്ങൾ ചെയ്യണമെന്നതിനെ സംബന്ധിച്ച് ക്രിയാത്മകമായ നിർദ്ദേശം നൽകാനായി ട്രേഡ് യൂണിയനുകളുടെ പ്രതിനിധികളും ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് ജനപ്രതിനിധികളുമായി ആലോചിച്ച് മറ്റുകാര്യങ്ങൾ തീരുമാനിക്കാവുന്നതാണ്.

ശ്രീ. റോജി എം. ജോൺ: സർ, ഓരോ കാലഘട്ടത്തിലും പ്രത്യേകിച്ച് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കോർപ്പറേഷന്റെ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ ലോണും ഗ്രാന്റും നൽകാറുണ്ട്. 2016 മുതൽ 2024 വരെയുള്ള കണക്ക് ബഹുമാനപ്പെട്ട മന്ത്രിതന്നെ നിയമസഭയിൽ നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇപ്പോൾ ലോൺ മാത്രമേ നൽകുന്നുള്ളൂ. ലോൺ നൽകിയതുകൊണ്ടുമാത്രം കോർപ്പറേഷന് പിടിച്ചു നിൽക്കാൻ കഴിയില്ല. നമ്മൾ തൊലിപ്പുറത്ത് ചികിത്സ നടത്തിയിട്ട് കാര്യമില്ല. കോർപ്പറേഷന്റെ ഇന്ന് അതീവ ഗുരുതരമായ പ്രതിസന്ധിയിലാണ്. അതിൽനിന്നും കരകയറണമെങ്കിൽ സർക്കാർ ഗ്രാന്റ് കൃത്യമായി ലഭ്യമായാൽ

മാത്രമേ സാധിക്കുകയുള്ളൂവെന്ന് താങ്കൾക്കും നന്നായി അറിയാം. കോർപ്പറേഷന്റെ ഇന്നത്തെ സാഹചര്യം വിലയിരുത്തിക്കൊണ്ട് ഈ ദുരിതകയത്തിൽനിന്നും കരകയറ്റുന്നതിനുവേണ്ടി ഗ്രാന്റ് അനുവദിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. രാജീവ്: സർ, ഇത്തവണ വർക്കിംഗ് കാപ്പിറ്റൽ ഹെഡ്ഡിൽ മൂന്നുകോടി രൂപ ബാംബൂ കോർപ്പറേഷനുവേണ്ടി പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. ആദ്യമായിട്ടാണ് ബഡ്ജറ്റിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് ക്ലിയർ ചെയ്യുന്നതിനുവേണ്ടി ഫണ്ട് വകയിരുത്തിയത്. അതിൽനിന്നും ഇതിനാവശ്യമായ സഹായം നൽകും. നമുക്കെല്ലാവർക്കും കൂടി ഇതിനെ മെച്ചപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കാം.